# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ. E1-25644/12/Kdis. തിരുവനന്തപുരം

================================ തീയതി: 30..10..2012

======================

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ്- ജീവനക്കാര്യം-31/10/2012ന് വിരമിക്കുന്ന ശിശുവികസന പദ്ധതി ആഫീസർമാരുടെ പൂർണ്ണ അധികച്ചുമതല നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 29/09/2012ലെ ഇതേ നമ്പർ ഉത്തരവ്.

2) ബാലുശ്ശേരി CDPO യുടെ 11/10/2012ലെ ഇ/444/2012 നമ്പർ കത്ത്.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ബാലുശ്ശേരി ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി. റ്റി. വസന്ത, 30/09/2012ന് വിരമിക്കുന്നതിനാൽ ടി ഐ.സി.ഡി.എസ് ലെ ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല സൂപ്പർവൈസർ ശ്രീമതി. പി ബേബിയ്ക്ക് നല്കി ഉത്തരവായിരുന്നു. എന്നാൽ ശ്രീമതി. റ്റി. വസന്ത 31/10/2012 നാണ് വിരമിക്കുന്നത് എന്നും, ബാലുശ്ശേരി ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല സൂപ്പർവൈസർ ശ്രീമതി. പി. ദേവിയ്ക്കാണ് നല്കേണ്ടതെന്നും പരാമർശം (2) ലെ കത്തിലൂടെ ബാലുശ്ശേരി ശിശുവികസന പദ്ധതി ആഫീസർ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവിലെ ബാലുശ്ശേരി ശിശുവികസന പദ്ധതി ആഫീസറുടെ അധികച്ചുമതല സംബന്ധിച്ച പ്രസക്തഭാഗം റദ്ദാക്കിയും, 31/10/2012ന് ശ്രീമതി. റ്റി. വസന്ത സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ബാലുശ്ശേരി ശിശുവികസന പദ്ധതി ആഫീസറുടെ പൂർണ്ണ അധികച്ചുമതല ടി ഐ.സി.ഡി.എസ്.ലെ സൂപ്പർവൈസർ ശ്രീമതി. പി. ദേവിയ്ക്ക് നല്കിയും, ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പറഞ്ഞ പ്രകാരം അധികച്ചുമതല നല്കിയിട്ടുള്ള ആഫീസർ 1/11/2012 ന് അധികച്ചുമതല ഏറ്റെടുക്കേണ്ടതും ആ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

**സാമൂഹ്യക്ഷേമ ഡയറക്ടർ**

ബന്ധപ്പെട്ടവർക്ക്.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം
2. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, കോഴിക്കോട്.
3. ജില്ലാ പ്രോഗ്രാം ആഫീസർ, കോഴിക്കോട്
4. സ്റ്റോക്ക് /സ്പെയർ.
5. ഇ2-ഇ13

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്